**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

## ഹരിപ്പാട് മണ്ഡലത്തിലെ പൊലീസ് നിയമനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5519** **24.05.2017-ൽ മറുപടി**

**ചോദ്യം** **മറുപടി**

**ശ്രീ. എൽദോസ് കുന്നപ്പിള്ളി** **ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഹരിപ്പാട് മണ്ഡലത്തിന്റെ പരിധിയിലുള്ള വിവിധ പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന എത്ര പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ, വിജിലൻസ് കേസ്സുകളിൽ പ്രതികളാണ്; | (എ) | ഹരിപ്പാട് മണ്ഡലത്തിന്റെ പരിധിയിലുള്ള വിവിധ പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന 2 പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ പ്രതികളാണ്. വിജിലൻസ് കേസുകളിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥർ ഇല്ല. |
| (ബി) | ഹരിപ്പാട് മണ്ഡലത്തിൽ ഗുണ്ടാ - മാഫിയാ അക്രമം പെരുകുന്ന സാഹചര്യത്തിൽ കഴിവും പ്രാപ്തിയുമുള്ള സത്യസന്ധരായ പോലീസ് ഉദ്യോഗസ്ഥരെ സ്റ്റേഷനുകളിൽ നിയമിച്ച് ഗുണ്ടാ-മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യുന്ന തിന് നടപടി സ്വീകരിക്കുമോ? | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ചെങ്ങന്നൂർ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.ടി.മനോജിനെ ഹരിപ്പാട് ഇൻസ്പെക്ടറായി നിയമിച്ചിട്ടുള്ളതും ടിയാൻ 21.02.2017-ൽ ചാർജ്ജ് എടുത്തിട്ടുള്ളതുമാണ്. കരുവാറ്റയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു പോലീസ് കൺട്രോൾ റൂം ആരംഭിക്കുകയും കൺട്രോൾ റൂം കേന്ദ്രീകരിച്ച് 3 മൊബൈൽ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതും ഇതിനായി എ.ആർ. ക്യാമ്പിൽ നിന്നും 10 പോലീസുകാരെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**